**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4403** **10-08-2021 - ൽ മറുപടിയ്ക്ക്**

**അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിന്റെ കീഴിലെ അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം മുഖാന്തിരം കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാന കൃഷി വകുപ്പിന്റെ വെബ് പോർട്ടലാണ് Agriculture Information Management System (AIMS). പ്രസ്തുത പോർട്ടൽ മുഖേന കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ള സേവനങ്ങൾ അപേക്ഷ മുതൽ ആനുകൂല്യ വിതരണം വരെ പൂർണ്ണമായും ഓൺലൈൻ ആയാണ് നിർവ്വഹിക്കുന്നത്. അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം മുഖാന്തിരം നിലവിൽ കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ പറയുന്നു. (1) കർഷക രജിസ്ട്രേഷൻ- പോർട്ടലിൽ കൊണ്ടു വരുന്ന എല്ലാ സേവനങ്ങളും ലഭിക്കാൻ അപേക്ഷിക്കുന്നതിനായി കർഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്താൻ കഴിയും. (2) പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിനുള്ള ദുരിതാശ്വാസ പദ്ധതി- ദുരിതാശ്വാസ സഹായത്തിനായി കർഷകർക്ക് ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകൾ ഓൺലൈനായി പ്രോസസ്സ് ചെയ്ത് ആനുകൂല്യം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭിക്കുന്നു. (3) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി – a. പദ്ധതിയിൽ അംഗമാകുന്നതിനു അപേക്ഷിക്കാം. വിള ഇൻഷ്വറൻസ് പോളിസി ഓൺലൈനായി ലഭിക്കുന്നു. b. പദ്ധതിയിൽ അംഗമായവർക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷിക്കാം- അപേക്ഷകൾ ഓൺലൈനായി പ്രോസസ്സ് ചെയ്ത് ആനുകൂല്യം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭിക്കുന്നു. (4) നെൽവയലുടമകൾക്കുള്ള റോയൽറ്റി പദ്ധതി- അപേക്ഷകൾ ഓൺലൈനായി പ്രോസസ്സ് ചെയ്ത് ആനുകൂല്യം നെൽവയലുടമകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭിക്കുന്നു. (5) കേരള ഫാം ഫ്രഷ് പഴം - പച്ചക്കറി അടിസ്ഥാന വില പദ്ധതി- പദ്ധതിയിൽ ഉൾപ്പെടുന്നതിനു കർഷകർക്ക് |

| | | | |
|---|---|---|---|
| | | | അപേക്ഷിക്കാം. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും സംഭരിച്ച ഉൽപ്പന്നങ്ങൾക്ക് ലഭിക്കേണ്ട അടിസ്ഥാന വില ഓൺലൈനായി പ്രോസസ്സ് ചെയ്ത് ആനുകൂല്യം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭ്യമാക്കുന്നു. |
| (ബി) | പ്രസ്തുത സിസ്റ്റം മുഖേന കർഷകർക്ക് വിവിധ സേവനങ്ങൾ ലഭിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ; | (ബി) | AIMS പോർട്ടലിൽ അപേക്ഷകൾ രേഖപ്പെടുത്തുന്നതിനു പ്രാഥമികമായി കർഷകൻ വ്യക്തിഗത വിശദാംശങ്ങൾ നൽകി ഒരു പ്രൊഫൈൽ സൃഷ്ടിച്ച് കൃഷിഭൂമിയുടെ വിവരങ്ങൾ, കൃഷി ചെയ്യുന്ന വിളകളുടെ വിവരങ്ങൾ എന്നിവ ഒറ്റത്തവണയായി നൽകണം. വകുപ്പിന്റെ മുഴുവൻ ഓൺലൈൻ സേവനങ്ങൾക്കും ഈ വിവരം പ്രയോജനപ്പെടുത്താൻ കഴിയും. ഓരോ സേവനങ്ങൾക്കും നിശ്ചയിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചാണ് സേവനങ്ങൾ നൽകുന്നത്. AIMS പോർട്ടലിനു കീഴിൽ ഓൺലൈൻ ആക്കിയിട്ടുള്ള എല്ലാ സേവനങ്ങൾക്കും ഇതേ മാനദണ്ഡങ്ങൾ തന്നെയാണ് നിഷ്കർഷിച്ചിട്ടുള്ളത്. |
| (സി) | നാച്ചുറൽ കലാമിറ്റി റിലീഫ് അസിസ്റ്റൻസ് പദ്ധതി പ്രകാരം കർഷകർക്ക് പരമാവധി നൽകി വരുന്ന നഷ്ടപരിഹാര തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) | നാച്ചുറൽ കലാമിറ്റി റിലീഫ് അസിസ്റ്റൻസ് പദ്ധതി പ്രകാരം കർഷകർക്ക് നൽകി വരുന്ന സംസ്ഥാന വിഹിതവും എസ്.ഡി.ആർ.എഫ് വിഹിതവും ചേർത്തുള്ള നഷ്ടപരിഹാര തുക, വിള, വിഹിതം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ